# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3063

18.10.2016 - ൽ മറുപടി
നൽകേണ്ടിയിരുന്നത്

### ചകിരിയുടെ ലഭ്യതയിൽ സ്വയം പര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. പാറക്കൽ അബ്ദുല്ല | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ) കയറുല്പന്നങ്ങൾക്കുവേണ്ട ചകിരിയുടെ ലഭ്യതയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന വിശദമാക്കുമോ; | എ) ചകിരി ഉൽപ്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡി 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തൊണ്ടു സംഭരണത്തിനെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. തൊണ്ടു സംഭരണം കാര്യക്ഷമമാക്കി ചകിരി ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികളിൽ മാറ്റം വരുത്തി "തൊണ്ടുസംഭരണവും ചകിരി ഉൽപ്പാദനവും" എന്ന പദ്ധതി രൂപീകരിച്ചു 2015-16 മുതൽ നടപ്പിലാക്കി വരുന്നു. ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഡീഫൈബറിംഗ് മെഷീനുകൾ സർക്കാർ ഫണ്ട് ഉപയോഗിച്ച് കയർ മെഷിനറി മാനുഫാക്ചറിംഗ് ഫാക്ടറിയിലൂടെ നിർമ്മിച്ച് സൊസൈറ്റികൾക്ക് വിതരണം ചെയ്തു വരുന്നു. |
| ബി) അസംസ്കൃത വസ്തുവിന്റെ കാര്യത്തിൽ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ വരാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) പച്ചത്തൊണ്ട് ചകിരിയാക്കുന്നതിനുള്ള പദ്ധതികൾ സ്വീകരിച്ചതുവഴി കുറഞ്ഞ വിലക്ക് ചകിരി ലഭ്യമാക്കുന്ന സാങ്കേതികവിദ്യ മറ്റ് സംസ്ഥാനങ്ങൾ വ്യാപകമായി ഉപയോഗിച്ചു. ഈ രംഗത്ത് കേരളത്തിന് മുന്നേറാനായില്ല. 2008 ൽ സർക്കാർ പ്രസിദ്ധീകരിച്ച കയർ കമ്മീഷൻ റിപ്പോർട്ടിൽ തൊണ്ടുസംഭരണം കാര്യക്ഷമമാക്കുന്നതിനുള്ള വിവിധ ശുപാർശകൾ നൽകിയിരുന്നു. ആയത് നടപ്പിലാക്കി വരുന്നു. |
| സി) 2015-ൽ സംസ്ഥാനത്തെ ചകിരി ഉല്പാദനം എത്രയായിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | സി) പ്രോജക്ട് ഓഫീസ് പരിധിയിൽ 2015 - 16 ലെ ചകിരി ഉൽപാദനം താഴെ പറയും പ്രകാരമാണ്. |

| ക്രമ നം. | പ്രോജക്ട് | ഉൽപാദിപ്പിച്ച ചകിരി (ക്വിന്റൽ) |
|---|---|---|
| 1. | ചിറയിൻകീഴ് | 4002.05 |

| | | | |
|---|---|---|---|
| | 2. | കൊല്ലം | 5216.45 |
| | 3. | കായംകുളം | 1599.10 |
| | 4. | ആലപ്പുഴ | 1025.73 |
| | 5. | വൈക്കം | 1758.00 |
| | 6. | നോർത്ത് പറവൂർ | 406.38 |
| | 7. | പൊന്നാനി | 833.12 |
| | 8. | തൃശ്ശൂർ | 8083.22 |
| | 9. | കോഴിക്കോട് | 700.58 |
| | 10. | കണ്ണൂർ | 2843.00 |
| | | ആകെ | **26467.63** |

സെക്ഷൻ ഓഫീസർ